(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും എത്ര പ്രവൃത്തികൾ പുരോഗമിക്കുന്നുവെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട് നഗരത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിലാണ് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) പ്രവൃത്തികൾ നടപ്പിലാക്കുന്നത്. പാലക്കാട് നഗരത്തെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനത്തിനുവേണ്ടിയുള്ള സ്ഥലപരാസൂത്രണ പദ്ധതി

153 (4777) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലയിൽപ്പെട്ട സംസ്ഥാനത്തിനുവേണ്ടിയുള്ള സ്ഥലപരാസൂത്രണ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ :

(ബി) പദ്ധതിയുടെ കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-2-2007-ലെ സർക്കാർ ഉത്തരവ് നമ്പർ 354/2007/തസ്വഭവ. പ്രകാരം ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനും സംസ്ഥാനതല വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിനുമുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനതല വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും നഗരവൽക്കരണപഠനം പൂർത്തിയാക്കി.

(ബി) കൊല്ലം ജില്ലയിലെ പൈലറ്റ് പദ്ധതിയായി ഐ.ഡി.ഡി.പി. തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു. ജില്ലയിൽ 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസന രൂപരേഖകൾ തയ്യാറാക്കി. ആദ്യ ഘട്ടത്തിൽ ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഐ.ഡി.ഡി.പി. എൽ.ഡി.പി. പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയുടെ ഐ.ഡി.ഡി.പി.യുടെ ആദ്യ വാല്യം തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഐ.ഡി.ഡി.പി.-യുടെ വിവിധ പഠനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(സി) വയനാട് ജില്ലയിൽ ഐ.ഡി.ഡി.പി. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനങ്ങൾ ഏകദേശം പൂർത്തിയായിട്ടുണ്ട്.

വയനാട് ജില്ലയിൽ ഗ്രാമാസൂത്രണ വകുപ്പ് ആവിഷ്ക്കരിച്ച മാസ്റ്റർ പ്ലാൻ

154 (4778) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരഗ്രാമാസൂത്രണ വകുപ്പുവഴി മാസ്റ്റർ പ്ലാനുകൾ ആവിഷ്കരിക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകൾക്കാണ് കഴിഞ്ഞ നാലുവർഷങ്ങളിൽ നഗരഗ്രാമാസൂത്രണ വകുപ്പുവഴി മാസ്റ്റർ പ്ലാനുകൾ തയ്യാറായിട്ടുള്ളതെന്ന് വ്യക്തമക്കുമോ ;

(സി) വയനാട് ജില്ലയിൽ നഗരഗ്രാമാസൂത്രണ വകുപ്പുവഴി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗരഗ്രാമാസൂത്രണ വകുപ്പുവഴി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജില്ലാ ആസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട 32 ടൗണുകളുടെ മാസ്റ്റർ പ്ലാനുകൾ ആണ് തയ്യാറാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. 18 മാസം കൊണ്ട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഭൂവിനിയോഗ സർവ്വേ, സാമൂഹിക സാമ്പത്തിക സർവ്വേ, ട്രാഫിക് സർവ്വേ എന്നിവയുടെ ജോലികൾ സമയബന്ധിതമായി നടന്നുകൊണ്ടിരിക്കുന്നു. നഗരങ്ങളുടെ ഗതാഗത പഠനം നടത്തുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. കഴിഞ്ഞ നാല് വർഷത്തിനകം 29 സ്കീമുകളിൽ (മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും) കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്ക്കരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) കൊല്ലം, വൈക്കം, പരവൂർ (ഡ്രാഫ്റ്റ്), കൊച്ചി (ഡ്രാഫ്റ്റ്) എന്നീ നഗരങ്ങൾക്കാണ് നഗരാസൂത്രണ വകുപ്പുവഴി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly